# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 209** | **26.9.2011 ന് മറുപടിയ്ക്ക്**

### റേഷൻകട വഴി നിത്യോപയോഗ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ.റ്റി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റേഷൻകടവഴി പലവ്യഞ്ജനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതിനുവേണ്ടി കേന്ദ്ര സർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായങ്ങൾ നൽകുന്നുണ്ടോ; എല്ലാ റേഷൻ കടകൾ വഴിയും ഈ പദ്ധതി നടപ്പിലാക്കുമോ ; | (എ) റേഷൻകടകൾവഴി പലവ്യഞ്ജനങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ നിരക്കിൽ വിതരണം നടത്തുന്നതിന് 354 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി അനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ചെലവിന്റെ 75% സംസ്ഥാന സർക്കാരും 25% കേന്ദ്ര സർക്കാരും വഹിക്കണമെന്നാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്രാനുമതി ഇതുവരെയും ലഭിച്ചിട്ടില്ല. എല്ലാ റേഷൻകടകൾവഴിയും സാധനങ്ങൾ വിതരണം ചെയ്യാൻ പദ്ധതി ഉദ്ദേശിക്കുന്നു. |
| (ബി) നിലവിൽ റേഷൻ കടവഴി പലവ്യഞ്ജനങ്ങൾ വിതരണം ചെയ്യുന്നുണ്ടോ ; ഏതെല്ലാം ജില്ലകളിൽ എത്ര റേഷൻ കടകളിൽ ഇത് ലഭിക്കുന്നുണ്ട്; വ്യക്തമാക്കുമോ ? | (ബി) തെരഞ്ഞെടുത്ത റേഷൻ കടകളെ ശബരി സ്റ്റോറുകളെന്ന പേരിൽ സബ്സിഡി നിരക്കിൽ സപ്ലൈകോ മുഖാന്തിരം പലവ്യഞ്ജനങ്ങളും മറ്റും വിതരണം ചെയ്തുവരുന്നുണ്ട്. സംസ്ഥാനത്ത് ഒട്ടാകെ 14 ജില്ലകളിലായി 1807 റേഷൻ കടകളെ ഇപ്രകാരം ശബരി സ്റ്റോറുകളായി ഉയർത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ